# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6654 — 12.07.2012 ൽ മറുപടിയ്ക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ്<br>ഡോ. എൻ. ജയരാജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ 'ആശ്വാസ് 2011'പദ്ധതി വിജയകരമായിരുന്നോ ; | (എ) വിജയകരമായിരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതുവഴി വായ്പാ കുടിശ്ശിക വരുത്തിയവർക്ക് എന്തെല്ലാം ഇളവുകൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 'ആശ്വാസ് 2011'പദ്ധതി കാലയളവിൽ വായ്പാ സഹകരണ സംഘങ്ങളിൽ കുടിശ്ശിക തീർക്കുന്നവർക്കായി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവ് അനുവദിച്ചിരുന്നു. ഈ കാലയളവിൽ വായ്പകളുമായി ബന്ധപ്പെട്ട് എല്ലാ ജപ്തി നടപടികളും നിർത്തി വച്ചിരുന്നു. സർക്കുലർ നിർദ്ദേശങ്ങൾക്കുപുറമേ എന്തെങ്കിലും ഇളവുകൾ കൂടുതലായി നൽകണമെന്ന് ഏതെങ്കിലും സഹകരണ സംഘം തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ ആയത് സഹകരണ വകുപ്പ് മന്ത്രി ചെയർമാനും, സഹകരണ വകുപ്പ് സെക്രട്ടറി അംഗവും, സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ കമ്മിറ്റി മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുവാനും വ്യവസ്ഥ ചെയ്യുകയും ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br>10 ലക്ഷം രൂപവരെയുള്ള കുടിശ്ശിക വായ്പകൾ, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റു ചാർജ്ജുകൾ എന്നിവ |

| | |
|---|---|
| | ഒഴിവാക്കി, വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന നിരക്കോ പദ്ധതി കാലയളവിലുള്ള നിരക്കോ ഏതാണോ കുറവ് അതിൻ പ്രകാരമുള്ള പലിശ നിരക്കിൽ, ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘം അടച്ചിട്ടുണ്ടെങ്കിൽ അതും ഒടുക്കി നിലവിലുള്ള മുതലിനേക്കാൾ അധികരിക്കാത്ത പലിശയടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാൻ പദ്ധതി കാലയളവിൽ അവസരം നൽകിയിരുന്നു. 10 ലക്ഷം രൂപയ്ക്ക് മുകളിൽ കുടിശ്ശികയായ വായ്പകൾ പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റു ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻ പ്രകാരമുള്ള പലിശ നിരക്കിൽ പലിശ തുകയുടെ 10% ൽ അധികരിക്കാത്ത എസ്റ്റാബ്ലിഷ്മെന്റ് ചെലവും ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസ് സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ അതും ഒടുക്കി വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിയിരുന്നു. |
| (സി) ആശ്വാസ് പദ്ധതി നടപ്പുസാമ്പത്തിക വർഷത്തിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നടപ്പ സാമ്പത്തിക വർഷം 2012 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ "ആശ്വാസ് 2012" പദ്ധതി നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ